കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, എറണാകുളം ജില്ല

പ്രവചന കാലയളവ് 29.06.2024 മുതൽ 03.07.2024 വരെ

വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ

കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും

ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്

| എ എ എസ് ബുള്ളറ്റിൻ നമ്പർ 26/2024 (52) വെള്ളിയാഴ്ച | തീയ്യതി 28/06/2024 |
|---|---|

## 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :

| കാലാവസ്ഥാ ഘടകങ്ങൾ | 29.06. 2024 | 30.06.2024 | 01.07. 2024 | 02.07. 2024 | 03.07.2024 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 10 | 8 | 11 | 11 | 5 |
| ഉയർന്ന താപനില (°C) | 29 | 31 | 32 | 32 | 32 |
| കുറഞ്ഞ താപനില (°C) | 25 | 25 | 25 | 25 | 25 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 92 | 92 | 92 | 90 | 90 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 88 | 88 | 88 | 86 | 86 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 3 | 3 | 3 | 3 | 3 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 290 | 290 | 270 | 290 | 290 |
| മേഘ വ്യാപ്തി (ഒക്ടാ ) | 6 | 4 | 8 | 5 | 4 |

കാലാവസ്ഥാ അറിയിപ്പ്:- 2024 ജൂൺ 29 മുതൽ ജൂലൈ 02 വരെ കേരളത്തിൽ ഒന്നോ രണ്ടോ സ്ഥലങ്ങളിൽ ഇടിമിന്നലോട് കൂടിയ ശക്തമായ കാറ്റ് അനുഭവപ്പെടാൻ സാധ്യതയുണ്ട്.

SMS:- IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്കു സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കൂടുതൽ മഴ ലഭിക്കാൻ സാധ്യത.

## 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

പൊതുനിർദേശങ്ങൾ: കാലവർഷം ആരംഭിച്ചതിനാൽ കാർഷികവിളകൾക്ക് പ്രത്യേക വിളപരിപാലനം നടത്തേണ്ടതാണ്. വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ നീർവാർച്ചാസൗകര്യങ്ങൾ ഉറപ്പുവരുത്തുക. മണ്ണ് പരിശോധന നടത്തി മണ്ണിൽ അമ്ലത്വം കൂടുതൽ കാണപ്പെടുകയാണെങ്കിൽ ആവശ്യത്തിന് കുമ്മായം ചേർത്തുകൊടുക്കുക. മഴയില്ലാത്ത സമയത്ത്മാത്രം കീടനാശിനി പ്രയോഗം നടത്തുക. വാഴകൾക്ക് താങ്ങുകാലുകൾ നൽകുക. പച്ചക്കറി പന്തലുകൾ കൂടുതൽ ബലപ്പെടുത്തുക. കർഷകർക്കും, കന്നുകാലികൾക്കും ഇടിമിന്നൽ ഏൽക്കാതിരിക്കാൻ തുറസ്സായ സ്ഥലങ്ങളിൽ നിൽക്കാതിരിക്കുക.

| വിളകൾ | - | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ (RRS Vyttila) |
|---|---|---|
| നെല്ല് (പൊക്കാളി) | പരിപാലനം | മുളപ്പിച്ച പൊക്കാളി വിത്ത് കണ്ണിപ്പുറത്ത് വിതക്കാവുന്നതാണ്. ചെളികൊണ്ട് തേയ്ച്ചു പിടിപ്പിക്കുകയും വേണം. |
| നെല്ല് (വിരിപ്പ്) | പരിപാലനം | നേരിട്ട് വിതക്കുന്ന പാടങ്ങളിൽ വിതക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ ചെയ്യാവുന്നതാണ്. പറിച്ചു നടുന്ന പാടങ്ങളിൽ ഞാറ്റടി തയ്യാറാക്കാവുന്നതാണ്. |
| തെങ്ങ് | പരിപാലനം | വെള്ളക്കെട്ട് ഒഴിവാക്കുക ചാൽ കീറുക. 1.8 മീ. അർദ്ധവ്യാസത്തിലും 25 സെ.മീ. ആഴത്തിലും തടമെടുത്ത് 25-50 കി.ഗ്രാം. ജൈവവളമിട്ട് മൂടുക. തടങ്ങളിൽ ചകിരിതൊണ്ട് മലർത്തി അടുക്കാം, തടത്തിൽ പച്ചിലവള വിത്തുകൾ വിതയ്ക്കാം. |
| വാഴ | ഇലകരിച്ചിൽ | ഗുരുതരമായി രോഗം ബാധിച്ച വാഴകളും ഇലകളും നീക്കം ചെയ്ത കൃഷിയിടം വൃത്തിയാക്കുക. കൃഷിസ്ഥലത്തു നീർ വാർച്ച ഉറപ്പാക്കുക. ഒരു ശതമാനം ബോർഡോ മിശ്രിതം പശയും ചേർത്തു തളിക്കുക. രോഗം രൂക്ഷമായ സന്ദർഭങ്ങളിൽ ഹെക്സകൊണസോൾ 5 EC ഒരു മില്ലി ഒരു ലിറ്റർ വെള്ളത്തിൽ ചേർത്തു തളിക്കുക. |
| കുരുമുളക് | നടീൽ | കാലവർഷം ആരംഭിച്ച ശേഷം മുൻകൂട്ടി തയ്യാറാക്കിയ കുഴികളിൽ വേരുപിടിപ്പിച്ച വള്ളിത്തലകൾ രണ്ടെണ്ണം വീതം നടാവുന്നതാണ് |

മൃഗസംരക്ഷണം-: കാലി തീറ്റ ചാക്കുകൾ മരപ്പലകയുടെയോ ഇരുമ്പുപ്പലകയുടെയോ മുകളിൽ സൂക്ഷിക്കുക. കാലി തീറ്റയിൽ ഈർപ്പം കലർന്നാൽ അത് മാരകമായ പൂപ്പൽ വിഷ ബാധയ്ക്ക് കാരണമാകും. കന്നുകാലികൾക്ക് കാൽമുടന്തോ, പനിയോ കണ്ടാൽ ഉടനടി വൈദ്യസഹായം തേടുക.(CAADECCS, KVASU, Mannuthy).